# 63

# ഒലിവ് മലയിൽ

## (26:30- 46)

പെസഹാ ഭക്ഷിച്ച ശേഷം. യേശുവും പതിനൊന്നു അപ്പൊസ്തലന്മാരും ചേർന്ന് ഗെദ്ശമെനയിലെ ഒലിവുമലയിലേക്ക് പോകുകയും, അവൻ അവിടെവെച്ച് പ്രാർത്ഥിക്കുകയും ചെയ്തു (26:30-46).

### അപ്പൊസ്തലന്മാർ തള്ളിപ്പറയുമെന്ന അറിയിപ്പ് (26:30-35)

**30 പിന്നെ അവർ സ്തോത്രം പാടിയശേഷം, ഒലിവുമലെക്ക് പുറപ്പെട്ടുപോയി.**

**31 യേശു അവരോട് "ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറും 'ഞാൻ ഇടയനെ വെട്ടും; കൂട്ടത്തിലെ ആടുകൾ ചിതറിപ്പോകും എന്ന് എഴുതിയിരിക്കുന്നുവല്ലോ.' 32 എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റശേഷം നിങ്ങൾക്ക് മുമ്പായി ഗലീലക്ക് പോകും." 33 അതിന്നു പത്രൊസ് "എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ ഒരുനാളും ഇടറുകയില്ല" എന്ന് ഉത്തരം പറഞ്ഞു.**
**34 യേശു അവനോട്, "ഈ രാത്രിയിൽ കോഴി കൂകുംമുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു" എന്നു പറഞ്ഞു.**

**വാക്യം 30.** ചിലപ്പോൾ മാളികമുറിയിലെ അവരുടെ സമയം അവസാനിക്കാറായപ്പോഴായിരിക്കാം, യോഹന്നാൻ 14-16 വരെയുള്ള ഭാഗത്തെ സന്ദേശം നൽകിയതും, ശിഷ്യന്മാർക്കു വേണ്ടിയുള്ള യോഹന്നാൻ 17 ലെ പ്രാർത്ഥന അവൻ നടത്തിയതും (യോഹ. 18:1 നോക്കുക). പെസഹാ ശുശ്രൂഷയുടെ അവസാനം യേശുവും ശിഷ്യന്മാരും ചേർന്നു സ്തോത്രം പാടി. ഹല്ലേൽ സങ്കീർത്തനങ്ങളായിരുന്നു പെസഹാക്ക് പാടിയിരുന്നത് (21:9, 42; 26:20 ന്റെ പരാമർശം നോക്കുക). യേശുവും ശിഷ്യന്മാരും ആ പാരമ്പര്യം തുടർന്നിരുന്നു എന്നു നമുക്ക് കരുതാം.

ആ സംഘം യെരുശലേമിന്റെ വാതിൽക്കൽ ആവേശകരമായി, കിദ്രോൻ താഴ്വര കടന്ന് അവർ **ഒലിവ് മലയിലേക്ക്** പോയി (24:3 ന്റെ പരാമർശം നോക്കുക). യേശു ആ സ്ഥലത്തേക്ക് പോയത് അവന് വ്യക്തിപരമായി പ്രാർത്ഥിക്കുവാനും, ഒറ്റിക്കൊടുക്കുന്നവനെ കാത്തിരിപ്പാനുമായിരുന്നു. യേശുവും പതിനോരുവരും ഒലിവുമലയിലേക്ക് പോയപ്പോൾ സംഭാഷണവും നടന്നിരുന്നു.

**വാക്യം 31. യേശു** പതിനോരുവരോട് പറഞ്ഞു, "**നിങ്ങൾ എല്ലാവരും ഈ രാത്രിയിൽ എങ്കൽ ഇടറും**" "ഇടറി പോകുക" എന്നതിന്റെ ഗ്രീക്ക് വാക്ക് (*സ്കാന്റലിസോ*) "ഇടറുക," "ഇടർച്ച വരുത്തുക" അല്ലെങ്കിൽ, "കെണി ഒരുക്കുക," "സൂത്രത്തിൽ അകപ്പെടുക" എന്നിങ്ങനെയാണ് അതിന് അർത്ഥ

മുള്ളത്. അത് പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത് ദൃഷ്ടാന്തപരമായിട്ടാണ്.[1] അപ്പൊസ്തലന്മാർ ഉടനെ "സൂത്രത്തിൽ അഥവാ കെണിയിൽ" അകപ്പെടുവാൻ പോകുന്നു, അവനോടുള്ള അവരുടെ സമർപ്പണത്തിന് ഇടർച്ചയുണ്ടാകുവാൻ പോകുന്ന സാഹചര്യം ഒരുങ്ങുന്നു. "എങ്കൽ" എന്നതു സൂചിപ്പിക്കുന്നത് അവർ ഭയപ്പെടുവാനുള്ള കാരണം "തങ്ങളുടെ ജീവനെ ഓർത്തു മാത്രമായിരുന്നില്ല, പിന്നെയോ യേശുവിന്റെ കഷ്ടതയുടെ ഉദ്ദേശം അവർക്ക് മനസിലാകാതിരുന്നതും നിമിത്തമായിരുന്നു" എന്നാണ് ആർ. ടി. ഫ്രാൻസ് നിരൂപിച്ചത്.[2]

യേശു പിന്നെ സെഖര്യാവ് 13:7 ഉദ്ധരിച്ചു: ‘‘**ഞാൻ ഇടയനെ വെട്ടും; കൂട്ടത്തിലെ ആടുകൾ ചിതറി പോകും.**" വിസ്തൃതമായ അർത്ഥത്തിൽ "ആടുകൾ" എന്നു പറയുന്നത് യിസ്രായേലാണ്. യേശു "ഇടയനും" ആണ് (യോഹ. 10:14; എബ്രാ. 13:20; 1 പത്രൊ. 2:25), യേശുവിനെ പിടിക്കുമ്പോൾ, ശിഷ്യന്മാർ ചിതറിപ്പോകും എന്ന മുന്നറിയിപ്പായിരുന്നു അത്. "ഞാൻ" എന്നു പറയുന്നത് ദൈവം ആണ്, യേശു ജനങ്ങൾക്കു വേണ്ടി കഷ്ടതയേറ്റു മരിക്കണം എന്നു നിർണ്ണയിച്ചത് ദൈവം ആയിരുന്നു (യെശ. 53:4, 6, 10).

**വാക്യം 32.** തുടർന്ന് യേശു തന്റെ ദുഃഖ സന്ദേശത്തിൽ വരുവാനിരിക്കുന്ന പ്രത്യാശയും സന്തോഷവും വ്യക്തമാക്കി. താൻ **ഉയിർത്തെഴുന്നേൽക്കുമെന്ന്** ഒരിക്കൽകൂടെ അവൻ വാഗ്ദാനം ചെയ്തു (16:21; 17:9, 23; 20:19), അവൻ അവർക്കു **മുൻപായി ഗലീലക്ക്** പോകുമെന്നും പറഞ്ഞിരുന്നു. ഉയർത്തെഴുന്നേറ്റ ശേഷം ഞായറാഴ്ച്ച രാവിലെ കല്ലറക്കൽ വന്ന സ്ത്രീകൾ മുഖാന്തരം ദൂതൻ ഈ സന്ദേശം അപ്പൊസ്തലന്മാരെ ഓർമ്മിപ്പിച്ചു (28:7, 10, 16; മർ. 16:7; യോഹ. 21:1–23).

"മുൻപായി" പോകുമെന്നത് "ആദ്യം എത്തും" എന്ന അർത്ഥത്തിലാകാം പറഞ്ഞത് (14:22 നോക്കുക), അത് വാക്യം 31 ലെ ഇടയൻ/ആട് എന്ന ഭാവനയുമാകാം. യോഹന്നാൻ 10:4 പറയുന്നത് "അവൻ അവയ്ക്ക് മുമ്പായി പോകുകയും, ആടുകൾ അവന്റെ ശബ്ദം കേട്ട് അവനെ അനുഗമിക്കയും ചെയ്യും എന്നാണ്."

**വാക്യം 33.** പത്രൊസ് അതിനോട് പ്രതികരിച്ചു, **"എല്ലാവരും നിങ്കൽ ഇടറിയാലും, ഞാൻ ഒരുനാളും നിങ്കൽ ഇടറുകയില്ല."** അവൻ ഊന്നൽ ചെലുത്തിയാണ് അത് പറഞ്ഞത്: "ഞാൻ ഒരുനാളും ഇടറുകയില്ല" മറ്റ് അപ്പൊസ്തലന്മാർ മനസിൽ ചിന്തിച്ചപ്പോഴേക്കും, തന്റെ സ്വഭാവമനുസരിച്ച് അവൻ വെട്ടിത്തുറന്നു പറഞ്ഞു (14:28; 15:15; 16:16, 22; 17:4; 18:21; 19:27).[3] അവന്ന് മുന്നറിവുണ്ടായിട്ടും ഇതാദ്യമായിരുന്നില്ല പത്രൊസ് കർത്താവിനോട് വൈപരീത്യമുളവാക്കുന്നത്. യേശു തന്റെ മരണത്തെ മുന്നറിയിച്ച് വെല്ലുവിളി നേരിടുവാനായി മുൻപ് പറഞ്ഞപ്പോഴും അവൻ വളരെയധികം ആകുലത ബോധ്യമാക്കി പറഞ്ഞു, "കർത്താവേ, അതരുതേ! നിനക്ക് അങ്ങനെ ഭവിക്കരുതേ" (16:22).

**വാക്യം 34.** എല്ലാ അപ്പൊസ്തലന്മാരും അവങ്കൽ ഇടറുമെന്ന് അവൻ പറഞ്ഞു കഴിഞ്ഞിരുന്നു (26:31), എന്നാൽ അവൻ ആ നിമിഷം പത്രൊസിനെ പ്രത്യേകമായി ശ്രദ്ധിച്ചു: **"കോഴി കൂകുന്നതിന് മുൻപ് നീ എന്നെ മൂന്നു വട്ടം തള്ളിപ്പറയുമെന്ന് ഞാൻ സത്യമായിട്ട് നിന്നോട് പറയുന്നു."** പത്രൊസിന്റെ എതിർപ്പിൽ ആത്മാർത്ഥതയുണ്ടായിരുന്നു എന്ന് കർത്താവ് അറിഞ്ഞിരുന്നു; അല്ലെങ്കിൽ യേശു അവനോട് പ്രതികരിച്ചപ്പോൾ കൂടുതൽ പരുഷമാകുമായിരുന്നു.

പത്രൊസ് യേശുവിനെ തള്ളിപ്പറയും - ഒരിക്കലല്ല, മൂന്നു പ്രാവശ്യമാണ്. കോഴി രണ്ടുവട്ടം കൂകുന്നതിനു മുൻപ് മൂന്നുവട്ടം തന്നെ പത്രൊസ് തള്ളിപ്പറയുമെന്നാണ് യേശു പറഞ്ഞത് (മർ. 14:30). യെരുശലേമിൽ യെഹൂദന്മാർ കോഴികളെ വളർത്തിയിരുന്നില്ല എന്നാണ് റബ്ബിമാരുടെ പാരമ്പര്യം പറയുന്നത്.[4] ആ പാരമ്പര്യം വാസ്തവമാണെങ്കിലും അല്ലെങ്കിലും, റോമാക്കാർ യെരുശലേമിലേക്ക് കോഴികളെ കൊണ്ടുവരുന്നതിന് യെഹൂദന്മാരുടെ പ്രമാണങ്ങളൊന്നും തടസമായിരുന്നില്ല. റോമൻ സമയമനുസരിച്ച് അവരുടെ മൂന്നാം മണി മുതൽ കോഴി കൂകുമായിരുന്നു (12.00 ഏഎം മുതൽ 3.00 ഏഎം വരെ)[5] അതിനെ “കോഴി കൂകൽ” എന്നു വിളിച്ചിരുന്നു (മർ. 13:55).

പത്രൊസിന്റെ തള്ളിപ്പറയൽ മാത്രമല്ല യേശു മുന്നറിയിച്ചത്, അവൻ വിശ്വസ്തനായി മടങ്ങിവരുന്നതും മുന്നറിയിച്ചിരുന്നു. പത്രൊസിന്റെ വിശ്വാസം പൊയ്പ്പോകാതിരിക്കേണ്ടതിന്നു യേശു പ്രാർത്ഥിച്ചു എന്നാണ് ലൂക്കൊസ് 22:31, 32 സൂചിപ്പിക്കുന്നത്. അതിനുശേഷം പത്രൊസിനെ പ്രബോധിപ്പിച്ചു അവനോട് പറഞ്ഞു, “പിന്നെ നീ തിരിഞ്ഞുവന്ന് സഹോദരന്മാരെ ഉറപ്പിച്ചുകൊൾക.”

**വാക്യം 35**. ഏറ്റവും മോശമായ സാഹചര്യം വരുമെന്നറിഞ്ഞു **പത്രൊസ് അവനോട് പറഞ്ഞു, “ഞാൻ നിന്നോടുകൂടെ മരിക്കേണ്ടിവന്നാലും നിന്നെ തള്ളിപ്പറയുകയില്ല**.” അവൻ പറഞ്ഞു, “കർത്താവേ, നിന്നോടുകൂടെ തടവിലാകുവാനും മരിക്കുവാനും ഞാൻ ഒരുക്കമാണ്!” (ലൂക്കൊ. 22:33). യേശുവിന്റെ ശത്രുക്കൾ വന്ന് അവനെ പിടിക്കുവാൻ ശ്രമിച്ചപ്പോൾ അരയിൽനിന്ന് വാൾ ഊരി തനിക്ക് യേശുവിനോടുള്ള സമർപ്പണം എത്രമാത്രമാണെന്ന് തെളിയിച്ചിരുന്നു (യോഹ. 18:10). ക്രിസ്തുവിനുവേണ്ടി പോരാടുവാനും പത്രൊസ് ഒരുക്കമായിരുന്നു. എങ്ങനെയായാലും, പത്രൊസ് മറ്റുള്ളവരെപോലെ ഓടിപ്പോകയും (മർ. 14:50) അവനെ തള്ളിപ്പറയുകയും ചെയ്തു (മത്താ. 26:69–75).

യേശുവിനോടുള്ള അവരുടെ ഒടുങ്ങാത്ത സമർപ്പണം **എല്ലാ ശിഷ്യന്മാരും** പ്രകടമാക്കി, എന്നാൽ പത്രൊസ് അത് കൂടുതൽ സ്ഥിരമാക്കിയെന്നു തോന്നുന്നു (മർ. 14:31)

## തീവ്രമായ ദുഃഖ സമയം
## (26:36-38)

**36അനന്തരം യേശു അവരുമായി ഗെത്ത്ശെമെന എന്ന തോട്ടത്തിൽ വന്നു ശിഷ്യന്മാരോട്, “ഞാൻ അവിടെ പോയി പ്രാർത്ഥിച്ചുവരുവോളം ഇവിടെ ഇരിപ്പിൻ” എന്നു പറഞ്ഞു. 37പത്രൊസിനേയും സെബെദിപുത്രന്മാരെയും കൂട്ടിക്കൊണ്ട് ചെന്ന് ദുഃഖിച്ചും വ്യാകുലപ്പെട്ടും തുടങ്ങി. 38“എന്റെ ഉള്ളം മരണവേദനപോലെ അതി ദുഃഖിതമായിരിക്കുന്നു; ഇവിടെ താമസിച്ചു എന്നോടുകൂടെ ഉണർന്നിരിപ്പിൻ” എന്ന് അവരോട് പറഞ്ഞു.**

**വാക്യം 36. യേശുവും** ശിഷ്യന്മാരും ഒലിവ് മലയിലേക്ക് കയറുമ്പോൾ, **ഗെത്ത്ശെമെന എന്ന സ്ഥലത്ത്** എത്തി. “ഗെത്ത്ശെമെന” എന്ന വാക്ക് പുതിയനിയമത്തിൽ രണ്ട് പ്രാവശ്യം മാത്രമെ കാണുന്നുള്ളു (26:36; മർ. 14:32). ആ രണ്ട് എബ്രായ/അരാമ്യവാക്കുകൾ സംയോജിച്ച വാക്കിന്റെ അർത്ഥം

"എണ്ണയാട്ടുന്ന ചക്ക്" എന്നാണ്. ഒരുപക്ഷെ, ഗെത്ത്ശെമെനക്ക് അവരുടേതായ ഒലിവ് ആട്ടിയെടുക്കുന്ന ചക്ക് ഉണ്ടായിരുന്നേക്കാം. യോഹന്നാൻ 18:1, 26 വ്യക്തമാക്കുന്നത് ആ സ്ഥലം ഒരു "തോട്ടം" (*കെപോസ്*) ആയിട്ടാണ്. കാർഷികവൃത്തിക്ക് ഏറ്റവും പറ്റിയ സ്ഥലം എന്നാണ് ആ വാക്ക് അർത്ഥമാക്കുന്നത്. ഈ സന്ദർഭത്തിൽ, *കെപോസ്* അർത്ഥമാക്കുന്നത് "ഒലിവ് വൃക്ഷങ്ങളുടെ കൂട്ടം" എന്നാണ് (എൻഎൽടി). യേശുവിനേയും ശിഷ്യന്മാരേയും പെരുന്നാളുകളിൽ, അവിടെ താമസിക്കുവാൻ അനുവദിച്ചിരുന്ന ഒരു ശിഷ്യനായിരുന്നേക്കാം തോട്ടത്തിന്റെ ഉടമസ്ഥൻ. കർത്താവും ശിഷ്യന്മാരും അടിക്കടി പോകാറുള്ള സ്ഥലമാണ് അതെന്ന് തിരുവെഴുത്തിൽ പല ഭാഗങ്ങളും വിവരിക്കുന്നു. യേശു എവിടെ കാണുമെന്ന് യൂദായ്ക്ക് കൃത്യമായി എങ്ങനെ അറിയാമെന്ന് ഈ വസ്തുത തെളിയിക്കുന്നു (യോഹ. 18:2; ലൂക്കൊ. 22:39 നോക്കുക).

ഗെത്ത്ശെമനയുടെ ആ ഭാഗത്താണ് "സകലജാതികളുടേയും സഭ" എന്ന ഒരു സഭാ മന്ദിരം നിൽക്കുന്നതെന്ന് പലരും വിശ്വസിക്കുന്നു. അതിനടുത്തുതന്നെ കൻമതിലുകൊണ്ടുള്ള ഒരു ചെറിയ തോട്ടവുമുണ്ട്. ആ ഭാഗത്ത് പുരാതനമായ ചില ഒലിവ് വൃക്ഷങ്ങളും കാണാം. ആ ഒലിവ് മരങ്ങൾ യേശുവിന്റെ കാലം മുതലുള്ളവയാണെന്ന് ചിലർ അവകാശപ്പെടുന്നു. എങ്ങനെയായാലും, അന്നുണ്ടായിരുന്ന വൃക്ഷങ്ങളെല്ലാം റോമൻ ഉപരോധ സമയത്ത് വെട്ടി നശിപ്പിച്ചുകളഞ്ഞിരുന്നു (ഏ. ഡി. 70).[6] അവക്ക് (ഉയരം കൂടുതലാണെങ്കിലും) മുറിച്ചുകളഞ്ഞവയുടെ വേരുകളിൽനിന്നും മളച്ചു വളർന്ന വൃക്ഷങ്ങളായിരിക്കുവാനും സാധ്യതയുണ്ട്.

അത് ഗെത്ത്ശെമനയാണെന്നതിന് സാധ്യതയുള്ള വേറോരുകാര്യം അതിനടുത്തുതന്നെ ഒരു ഗുഹയുണ്ട് എന്നതാണ്. മൈക്കിൾ ജെ. വിൽക്കിൻസ് ഈ സ്ഥലത്തെയാണ് ആദ്യസ്ഥാനത്തേക്കാൾ കൂടുതൽ ആധികാരികമായി പറയുന്നത്:

> കൂടുതൽ ഉറപ്പിക്കുന്നത് ഒരുപക്ഷെ രണ്ടാമത്തെ സ്ഥാനമായിരിക്കാം, ഒലിവുമലയുടെ അടുത്തു താഴെ, നുറിലധികം അടി ഉയരത്തിലാണ് അത് സ്ഥിതി ചെയ്യുന്നത്. ഗുഹ അൽപം വലുതാണ്, അതിന്റെ വലിപ്പം ഏതാണ്ട്, 36 X60 അടി (11ക്ക് 18മീറ്റർ), ചക്കിനുവേണ്ടി ഉള്ളിലെ ഗുഹകൾ ചുമരുകൊണ്ട് തിരിച്ചിരിക്കയാണ്.[7]

ചക്കിൽ എണ്ണ ആട്ടിയിരുന്നത് ശൈത്യകാലത്തും ശരത്കാലത്തും ഒലിവിന്റെ വിളവെടുപ്പുസമയത്താകയാൽ, വസന്തകാലത്ത് പെസഹാ ആചരിക്കുന്ന സമയത്ത് ഗുഹ ഒന്നും ചെയ്യാതെ കിടക്കുകയായിരിക്കും. യേശുവിനും ശിഷ്യന്മാർക്കും രാത്രി ചെലവഴിക്കുവാൻ പറ്റിയ രണ്ടു സാഹചര്യമുള്ള സ്ഥലമായിരുന്നേക്കാം അത്. ഒരുപക്ഷെ യേശു പ്രാർത്ഥിച്ചപ്പോൾ ശിഷ്യന്മാർ രാത്രിയിൽ അവിടെയായിരിക്കാം ഉറങ്ങിയിരുന്നത് (യോഹ. 18:18).[8] യേശുവിനെ പിടിക്കുവാൻ വന്നപ്പോൾ ഒരു ബാല്യക്കാരൻ എന്തുകൊണ്ടാണ് വെറും ശരീരത്തിൽ "പുതപ്പ്" (*സിന്റോൺ*) "പുതച്ച്" അനുഗമിച്ചത് എന്നതിന്റെ കാരണം അത് വ്യക്തമാക്കുന്നു (മർ. 14:51). ഈ സംഭവത്തെ കുറിച്ച് മർക്കൊസിന്റെ വിവരണത്തിൽ മാത്രം കാണുന്നതുകൊണ്ട്, അതു മർക്കൊസ് തന്നെയായിരുന്നു എന്നാണ് ചിലർ കരുതുന്നത്. ആ ബാല്യക്കാരൻ മർക്കൊസ് ആയിരുന്നാലും

അല്ലെങ്കിലും, അവനും, മറ്റു പതിനൊന്ന് ശിഷ്യന്മാരും യേശുവിനോടുകൂടെ അനുഗമിച്ചിരിക്കാം.

ഗെത്ത്ശെമനയിലേക്ക് കുറച്ചുദൂരം നടന്നപ്പോൾ, [യേശു] ശിഷ്യന്മാരോട് പറഞ്ഞു, "**ഞാൻ അവിടെ പോയി പ്രാർത്ഥിച്ചുവരുന്നതുവരെ ഇവിടെ ഇരിപ്പിൻ.**" അവൻ അവരോട് പറഞ്ഞത് "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ" എന്നാണ് (ലൂക്കൊ. 22:40).

**വാക്യം 37. പിന്നെ, അവൻ പത്രൊസിനേയും, സെബെദിയുടെ രണ്ട് പുത്രന്മാരെയും** (അതായത് യാക്കൊബും യോഹന്നാനും) വിളിച്ചുകൊണ്ട് കുറച്ച് അകലെ പോയി - "ഒരു കല്ലേറ് ദൂരെ" (ലൂക്കൊ. 22:41). ആ മൂന്ന് അപ്പൊസ്തലന്മാർ യേശുവിന്റെ ആന്തരിക സൗഹൃദ വലയത്തിൽ പെട്ടവരായിരുന്നു (17:1 ന്റെ പരാമർശം നോക്കുക). അവരുടെ സാന്നിധ്യം അവന്നു ആശ്വാസവും പിന്തുണയും ലഭിക്കുന്നതായിരുന്നു.

ഈ സമയത്ത്, യേശു **ദുഃഖിക്കുവാനും വ്യാകുലപ്പെടുവാനും തുടങ്ങി**. മനുഷ്യനായി യേശു അനുഭവിച്ച ക്രൂശിന്റെ യാതനയെയാണ് ഇത് വെളിപ്പെടുത്തുന്നത്. എങ്ങനെയായാലും, അവൻ ക്രൂശിൽ വൈകാരികവും ശാരീരികവുമായ കഷ്ടത മാത്രമല്ല സഹിച്ചത്, അവൻ ലോകത്തിന്റെ മുഴുവൻ പാപത്തെയും വഹിക്കുകയും (2 കൊ. 5:21) പിതാവിൽനിന്നു പിരിഞ്ഞിരിക്കുകയും ചെയ്തു (27:46). ഡേവിഡ് ഹിൽ യേശുവിന്റെ ആ അവസ്ഥയെ "ദൈവത്തിൽ അപ്പോഴും പ്രത്യാശ വെച്ചിരിക്കുന്ന ഒരാളുടെ സങ്കടകരമായ അനുസരണമായിരുന്നു, എന്നാൽ താൻ നേരിടുന്നത് ഒരു ക്രൂരമായ മരണമാണെന്ന് അവൻ അറിഞ്ഞിരുന്നു."[9]

**വാക്യം 38**. തന്റെ മൂന്നു കൂട്ടുകാരോടും യേശു പറഞ്ഞു, "**എന്റെ ഉള്ളം മരണവേദനപോലെ അതി ദുഃഖിതമായിരിക്കുന്നു**." സങ്കീർത്തനത്തിലേക്ക് വിരൽ ചൂണ്ടുന്നതായിരുന്നു യേശുവിന്റെ പ്രസ്താവനയിലെ ആദ്യ ഭാഗം എന്നാണ് ജെഎൻടി പറയുന്നത്, അവിടെ എഴുത്തുകാരൻ ചോദിക്കുന്നു, "എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നത് എന്ത്?" (സങ്കീ. 42:5, 11; 43:5). തന്നെ വിടുവിപ്പാൻ കഴിവുള്ളവനിൽ പ്രത്യാശ വെക്കുവാനായിരുന്നു സങ്കീർത്തനക്കാരൻ ആവർത്തിച്ചു പറഞ്ഞിരിക്കുന്നത്.

യേശു ആ മൂന്നു ശിഷ്യന്മാരോടും പറഞ്ഞു, "**ഇവിടെ താമസിച്ചു എന്നോടുകൂടെ ഉണർന്നിരിപ്പിൻ.**" ആ സങ്കീർണ്ണമായ നിമിഷങ്ങളിൽ അവൻ തന്റെ സ്നേഹിതന്മാരുടെ പിന്തുണ ആഗ്രഹിച്ചു, പക്ഷെ അവർ അവനെ ദയനീയമായി പരാജയപ്പെടുത്തി (26:40, 43, 45).

## പ്രാർത്ഥനാ സമയം
## (26:39-46)

**39പിന്നെ അവൻ അൽപം മുൻപോട്ട് ചെന്നു കവിണ്ണുവീണു, "പിതാവേ, കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീങ്ങി പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുംപോലെയല്ല, നീ ഇച്ഛിക്കും പോലെയാകട്ടെ" എന്നു പ്രാർത്ഥിച്ചു. 40പിന്നെ അവൻ ശിഷ്യന്മാരുടെ അടുക്കൽ വന്നു അവർ ഉറങ്ങുന്നതു കണ്ടു. പത്രൊസിനോട്, "എന്നോടുകൂടെ ഒരുനാഴികപോലും ഉണർന്നിരിപ്പാൻ നിങ്ങൾക്ക് കഴിഞ്ഞില്ലയോ? 41പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ; ആത്മാവ് ഒരുക്കമുള്ളത്, ജഡം**

**ബലഹീനമത്രെ എന്നു പറഞ്ഞു."**

**[42]രണ്ടാമതും പോയി "പിതാവേ, ഞാൻ കുടിക്കാതെ അത് നീങ്ങി കൂടാ എങ്കിൽ നിന്റെ ഇഷ്ടം ആകട്ടെ" എന്നു പ്രാർത്ഥിച്ചു. [43]അനന്തരം അവൻ വന്നു, അവരുടെ കണ്ണിന്നു ഭാരം ഏറുകയാൽ, പിന്നെയും ഉറങ്ങുന്നത് കണ്ടു. [44]അവരെ കണ്ടിട്ട് അവരെ വിട്ട് മൂന്നാമതും പോയി ആ വചനം തന്നെ ചൊല്ലി പ്രാർത്ഥിച്ചു. [45]പിന്നെ ശിഷ്യന്മാരുടെ അടുക്കൽ വന്നു "ഇനി ഉറങ്ങി ആശ്വസിച്ചുകൊൾവിൻ; നാഴിക അടുത്തു; മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏൽപിക്കപ്പെടുന്നു; [46]എഴുന്നേൽപിൻ നാം പോക; ഇതാ എന്നെ കാണിച്ചുകൊടുക്കുന്നവൻ അടുത്തിരിക്കുന്നു എന്നു പറഞ്ഞു."**

**വാക്യം 39**. ഉണർന്നിരിപ്പാൻ പത്രൊസിനേയും, യാക്കൊബിനേയും, യോഹന്നാനേയും വിട്ടിട്ട് യേശു **അൽപം മുൻപോട്ട് പോയി കവിണ്ണുവീണു**. തന്റെ ശുശ്രൂഷാവേളയിൽ, അസംഖ്യം ആളുകൾ വന്നു യേശുവിന്റെ മുൻപിൽ വീണിരുന്നു (2:11; 8:2; 9:18; 17:6; മർ. 3:11; 5:6; 10:17; ലൂക്കൊ. 5:12; 17:16). ഈ സമയത്ത്, അവൻ ദൈവമുൻപാകെ കവിണ്ണുവീണു തീവ്രമായി പ്രാർത്ഥിക്കുകയായിരുന്നു.

യേശു പ്രാർത്ഥിച്ചു, "**എന്റെ പിതാവേ, കഴിയുമെങ്കിൽ, ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ, എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം ആകട്ടെ**.'' "പാനപാത്രം," എന്നു യേശു പറഞ്ഞത് കഷ്ടതയുടേയും മരണത്തിന്റേയും ആയിരുന്നു. യോഹന്നാനും യാക്കൊബിന്നും വേണ്ടി അവരുടെ അമ്മ വന്ന് യേശുവിനോട് തന്റെ മക്കളിൽ ഒരാളെ വലത്തും മറ്റൊരാളെ ഇടത്തും ഇരിക്കുവാൻ വരം നൽകേണം എന്ന് പറയിച്ചതിനോട് പ്രതികരിച്ചപ്പോഴും അവൻ ഇതേ ഭാഷ ഉപയോഗിച്ചിരുന്നു. അവൻ അവരോട് ചോദിച്ചു, "ഞാൻ കുടിപ്പാനിരിക്കുന്ന പാനപാത്രം നിങ്ങൾക്ക് കുടിപ്പാൻ കഴിയുമോ?" (20:22). പഴയനിയമത്തിൽ, "പാനപാത്രം കുടിക്കുക" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നന്മയായാലും തിന്മയായാലും അതു മുഴുവനായി അനുഭവിക്കുക എന്നാണ് (സങ്കീ. 11:6; 16:5; 23:5; 75:8; 116:13; യെശ. 51:17; യിരെ. 16:7; 25:15). ഗൊൽഗോഥയിൽ യേശുവിനു നേരിട്ട മരണവേദനയും ദുഃഖവും അവന്റെ മാനുഷിക സ്വഭാവത്തെയാണ് കാണിക്കുന്നത്, എന്നാൽ തന്റെ ഇഷ്ടത്തെ മാറ്റി പിതാവിന്റെ ഇഷ്ടത്തിന് കീഴ്പ്പെട്ടപ്പോൾ, അതെല്ലാം നീങ്ങി (6:10 നോക്കുക).

**വാക്യം 40**. അപ്പൊസ്തലന്മാർ മൂന്നുപേരും ആദ്യം **ഉറങ്ങുന്നത്** കണ്ടപ്പോൾ, **പത്രൊസിനോട്** അവൻ അതിനെ കുറിച്ച് അഭിപ്രായപ്പെട്ടത്. അത് ഒരുപക്ഷെ സംഘത്തിലുള്ള അവന്റെ സ്വാധീനം നിമിത്തമോ അല്ലെങ്കിൽ, അവൻ യേശുവിനോടുകൂടെ വേണ്ടിവന്നാൽ മരിക്കുവാനും ഒരുക്കമാണ് എന്ന് പറഞ്ഞതിനാലും ആയിരിക്കാം (26:33, 35). കർത്താവ് അവനോട് ചോദിച്ചു, "**എന്നോടുകൂടെ ഒരു നാഴികപോലും ഉണർന്നിരിപ്പാൻ നിങ്ങൾക്ക് കഴിഞ്ഞില്ലയോ?**" താൻ പ്രാർത്ഥിച്ചപ്പോൾ, തന്റെ ഏറ്റവും അടുത്ത സ്നേഹിതന്മാർക്ക് ഒരു മണിക്കൂർ പോലും ഉറങ്ങാതിരിപ്പാൻ കഴിയാതിരുന്നത് യേശുവിനെ സ്പർശിച്ചിരിക്കാം.

പുതിയനിയമത്തിൽ, ഉറക്കം എന്ന വാക്ക് ചിലപ്പോൾ, സാഹചര്യം പരിഗണിക്കാതെ, അശ്രദ്ധമായി ജീവിക്കുന്നതിനെ രൂപകാലങ്കാരമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. ഉറങ്ങുന്നതിനുപകരം, ക്രിസ്ത്യാനികളോട് എഴുന്നേറ്റ് ഉണർന്നിരിപ്പാനാണ് പറഞ്ഞിരിക്കുന്നത് (റോമർ 13:11; 1 കൊ. 11:30; എഫെ.

5:14; 1 തെസ്സ. 5:4–8).

**വാക്യം 41**. ഒരിക്കൽകൂടെ, യേശു ആ അപ്പൊസ്തലന്മാരോട് **ഉണർന്നിരിപ്പാൻ** അപേക്ഷിച്ചു (26:38). **പരീക്ഷയിൽ** അകപ്പെടാതിരിപ്പാൻ **പ്രാർത്ഥിക്കുവാനും** അവൻ അവരോട് ആവശ്യപ്പെട്ടു (6:13 നോക്കുക). എന്തു ചെയ്യുവാനാണ് അവർ പരീക്ഷിക്കപ്പെടുന്നത്? അവൻ മുന്നറിയിച്ചതുപോലെ തന്നെ അവർ ചെയ്യുവാൻ പരീക്ഷിക്കപ്പെടും - അവനെ ഉപേക്ഷിച്ച് ചിതറിപ്പോകും (മർ. 14:50).

**ആത്മാവ് ഒരുക്കമുള്ളത്, എന്നാൽ ജഡം ബലഹീനമെന്നാണ്** യേശു പറഞ്ഞത്. "ആത്മാവ്" (*ന്യൂമാ*) എന്ന് ഇവിടെ പറയുന്നത് നമ്മുടെ ഉള്ളിൽ വസിക്കുന്ന വ്യക്തിത്വമാണ്, നമ്മെ ജീവിപ്പിക്കുന്നത് ആത്മാവാണ്. അത് നമുക്ക് ഉൾക്കാഴ്ച്ച നൽകുകയും വികാരത്തെ വിവേചിക്കുവാൻ പ്രാപ്തവുമാണ്.

ഈ സന്ദർഭത്തിൽ, "ജഡം" (*സാർക്സ്*) ഭൗതിക "ശരീരത്തെ" യാണ് പറയുന്നത് (എൻഐവി; എൻഎൽടി), അത് ബലഹീനവും ക്ഷീണിപ്പിക്കുന്നതുമാണ് (26:43 നോക്കുക). ചില തർജ്ജിമകളിൽ അതു കൂടുതൽ വ്യക്തമായി "മനുഷ്യപ്രകൃതി" എന്നു പറഞ്ഞിരിക്കുന്നു (എൻജെബി; ജെഎൻടി), തിന്മ ചെയ്യുവാൻ ഉള്ളിൽ പ്രേരിപ്പിക്കുന്ന ഘടകമായി സൂചിപ്പിക്കുന്നു. ആരംഭ അർത്ഥം വെളിപ്പെടുത്തുന്നതല്ല രണ്ടാമത്തെ തർജിമ.

**വാക്യം 42**. രണ്ടാം പ്രാവശ്യവും യേശു പ്രാർത്ഥിച്ചു പറഞ്ഞു, "**എന്റെ പിതാവേ, ഞാൻ കുടിക്കാതെ അത് നീങ്ങിക്കൂടാ എങ്കിൽ, നിന്റെ ഇഷ്ടം ആകട്ടെ**." ഈ സമയത്ത്, "പാനപാത്രം എങ്കൽനിന്നു നീക്കേണമേ" എന്ന ഘടനയിൽനിന്നു (26:39), "നിന്റെ ഇഷ്ടം ആകട്ടെ" എന്നു മാറ്റി.

**വാക്യം 43**. യേശു ശിഷ്യന്മാരുടെ അടുക്കൽ മടങ്ങി വന്നപ്പോൾ, **ഒരിക്കൽകൂടെ അവർ ഉറങ്ങുന്നതായി അവൻ കണ്ടു, കാരണം അവരുടെ കണ്ണുകൾ ഭാരപ്പെട്ടിരുന്നു**. സ്പഷ്ടമായും, മർക്കൊസ് 14:40 പറയുന്നത് "എന്തുത്തരം പറയണമെന്ന് അവർക്ക് അറിയായ്കയാൽ" അവൻ അവരോട് സംസാരിച്ചു എന്നാണ്. അവർ ക്ഷീണത്താൽ മാത്രമല്ല, ദുഃഖത്താലുമായിരുന്നു ഉറങ്ങിയത് (ലൂക്കൊ. 22:45). ആ ദിവസം അവർ വളരെ കാര്യങ്ങൾ ചെയ്യുകയും വൈകാരികമായി തളരുകയും ചെയ്തിരിക്കാം. ദുഃഖം ചിലപ്പോൾ നമ്മെ നിദ്രയിലാഴ്ത്തും; പക്ഷെ അത് ചിലപ്പോൾ ലൂക്കൊസ് പറയുന്നതുപോലെ അപ്പൊസ്തലന്മാരിൽ വിഷാദവും വരുത്തിക്കാണും.

**വാക്യം 44**. യേശു **ഒരിക്കൽകൂടെ അവരെ വിട്ടു പോയി, മൂന്നാം പ്രാവശ്യവും അതു തന്നെ പ്രാർത്ഥിച്ചു**. അവൻ ആത്മാർത്ഥതയോടെ – മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചു. കഷ്ടതയുടേയും മരണത്തിന്റേയും പാനപാത്രം നീങ്ങേണ്ടതിനായിരുന്നു. അവന്റെ പ്രാർത്ഥനയുടെ തീവ്രത ലൂക്കൊസ് എടുത്തു കാണിച്ചിരിക്കുന്നു, "പിന്നെ അവൻ പ്രാണവേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു. അവന്റെ വിയർപ്പ് നിലത്തുവീഴുന്ന വലിയ ചോരത്തുള്ളിപോലെ ആയി" (ലൂക്കൊ. 22:44).[10] അവൻ പ്രാർത്ഥിക്കുമ്പോൾ, ഒരു ദൂതൻ വന്ന് അവനെ ശക്തീകരിച്ചതായും ലൂക്കൊസ് വിവരിക്കുന്നു (ലൂക്കൊ. 22:43).[11]

മതഭ്രാന്തു നിമിത്തം മരണത്തെ സ്വീകരിക്കുന്ന രക്തസാക്ഷികളുടെ മരണമായിരുന്നില്ല യേശുവിന്റേത്. അവൻ അത് സ്വീകരിക്കുവാൻ കാരണം ദൈവകോപം ശമിപ്പിക്കുവാൻ മറ്റു വഴിയില്ലായിരുന്നു, ലോകത്തെ രക്ഷിക്കുവാൻ അവൻ സ്വയം മരണത്തിന് കീഴ്പ്പെടുകയായിരുന്നു (യോഹ. 3:16, 36; 1 യോഹ. 2:1, 2). കഷ്ടതയുടേയും മരണത്തിന്റേയും പാനപാത്രം നീക്കം

ചെയ്യാവുന്നതായിരുന്നില്ല.

തന്റെ പ്രാർത്ഥനയിൽ, യേശു തന്റെ ഇഷ്ടം മാറ്റി പിതാവിന്റെ ഇഷ്ടത്തെ പ്രഥമസ്ഥാനത്ത് നിർത്തി. ഏദെൻ തോട്ടത്തിലെ ആദാമിന്റേയും ഹവ്വയുടേയും സ്വന്തം ഇഷ്ടമനുസരിച്ച് പ്രവർത്തിച്ചതിൽനിന്നു വ്യത്യസ്തമായിരുന്നു ഗെത്ത്ശെമന തോട്ടത്തിലെ യേശുവിന്റെ പ്രാർത്ഥന. ഡഗ്ലസ് ആർ. ഏ. ഹെയർ പറഞ്ഞു, "ക്രിസ്ത്യാനികൾക്ക് ഏദെൻ തോട്ടത്തിന്റെ നേരെ എതിരാണ് ഗെത്ത്ശെമെന തോട്ടം."[12]

**വാക്യം 45.** പ്രാർത്ഥിച്ച ശേഷം യേശു ശിഷ്യന്മാരോട് പറഞ്ഞത് **നാഴിക അടുത്തു** [വന്നിരിക്കുന്നു] എന്നായിരുന്നു. (26:18 ന്റെ പരാമർശം നോക്കുക). **മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏൽപ്പിക്കപ്പെടുവാ** [നിരിക്കുന്നു]. യേശുവിന്റെ ഭൂമിയിലെ മുഖ്യദൗത്യം നിറവേറ്റുവാനുള്ള സമയം അടുത്തിരിക്കുന്നു. തന്നോടുകൂടെ ഉണർന്നിരിപ്പാൻ പറഞ്ഞവരെ അവൻ ഉണർത്തി തന്നെ പിടിപ്പാൻ പുരുഷാരം വരുന്നു എന്ന് അവൻ അവരോട് പറഞ്ഞു.

**വാക്യം 46.** യേശു അപ്പൊസ്തലന്മാരെ അവരുടെ ഉറക്കത്തിൽനിന്നും ഉണർത്തി, "**എഴുന്നേൽപിൻ**" എന്ന് ഉറക്കെ പറഞ്ഞു. പിതാവിന്റെ ഇഷ്ടത്തിന് കീഴ്പ്പെട്ട് കാത്തിരുന്ന മരണത്തിനായി ഏൽപിച്ചുകൊടുക്കുവാനുള്ള സമയമായി. ഒറ്റിക്കൊടുക്കുന്നവൻ അടുത്തിരിക്കുന്നു. നടക്കുവാനിരിക്കുന്ന രംഗത്തിന് മുഴുവൻ സാക്ഷ്യം വഹിക്കേണ്ടതിന് അപ്പൊസ്തലന്മാരെ ഉണർത്തി.

---

കുറിപ്പുകൾ

[1]ഈ വാക്ക് മത്തായിയുടെ സുവിശേഷത്തിൽ പല പ്രാവശ്യവും കാണാം (5:29, 30; 11:6; 13:21, 57; 15:12; 17:27; 18:6, 8, 9; 24:10; 26:31, 33). [2]ആർ. ടി. ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1985), 370. [3]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 14–28*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 33ബി (ഡള്ളാസ്: വേർഡ് ബുക്സ്, 1995), 777. [4]മിഷ്നാ *ബാബാ കമ്മാ* 7.7; താൽമൂദ് *ബാബാ കമ്മാ* 82ബി. [5]14:25 ന്റെ പരാമർശം നോക്കുക. [6]ജോസെഫസ് *വാഴ്സ്* 5.12.4. [7]മൈക്കിൾ ജെ. വിൽക്കിൻസ്, "മാത്യു" *ഇൻ സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്സ് കമെന്ററി*, വാല്യം. 1, *മാത്യു, മാർക്ക്, ലൂക്ക്*, എഡി. ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 166. [8]ഗെത്ത്ശെമെനയും ഗുഹയുമായുള്ള ബന്ധത്തിൽ കൂടുതൽ വിവരങ്ങൾക്ക് നോക്കുക, ജോആൻ ഈ. ടെയ്ലർ, "ദ ഗാർഡൻ ഗെത്ത്ശെമെന ലോട് ദ പ്ലെയ്സ് ഓഫ് ജീസസ് അറെസ്റ്റ്," *ബിബിളിക്കൽ ആർക്കിയോളജി റെവ്യു* 21 (ജൂലായ്/ആഗസ്റ്റ് 1995), 26–35, 62. [9]ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ ഓഫ് മാത്യു*, ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 341. [10]വൈദ്യശാസ്ത്രപരമായ "ഹീമോഹൈഡ്രോസിസ്," അല്ലെങ്കിൽ "ഹിമാറ്റിഡ്രോസിസ്" നിമിത്തം, യേശുവിന്റെ ശരീരത്തിൽനിന്നു രക്തം കലർന്ന വിയർപ്പാണ് ഒഴുകിയതെന്ന് ചിലർ വിശ്വസിക്കുന്നു. അത്തരത്തിലുള്ള സംഘർഷവും സമ്മർദ്ദവും ഒരാളിൽ ഏറുമ്പോൾ, അയാളുടെ ചർമ്മത്തിന്റെ മുകളിലെ രക്തധമനികൾ പൊട്ടുവാനിടയുണ്ട്; പിന്നെ രക്തം ചർമ്മത്തിലെ ദ്വാരങ്ങളിൽനിന്ന് വിയർപ്പോടുകൂടി ഒഴു

കും. മറ്റുള്ളവർ പറയുന്നത് ലൂക്കൊസ് ഒരു ഉപമയായിട്ടാണ് (ദൃഷ്ടാന്തം) പറഞ്ഞിരിക്കുന്നത് എന്നാണ്: യേശുവിന്റെ വിയർപ്പ് ചോരത്തുള്ളികൾ "പോലെ" (*ഹോാശേയി*) ആയിരുന്നു - അത് നിലത്തു വീണ വലിപ്പത്തെയായിരിക്കാം സൂചിപ്പിക്കുന്നത്. മറ്റൊരുവാക്കിൽ പറഞ്ഞാൽ അവൻ വളരെയധികം വിയർത്തിരുന്നു എന്നു സാരം.

[11]ലൂക്കൊ. 22:43, 44 പുസ്തകസംബന്ധമായ ഒരു പ്രശ്നം അവതരിപ്പിക്കുന്നു. ലൂക്കൊസിന്റെ പുസ്തകത്തിൽ ആദ്യം കാണാത്ത രീതിയിൽ ഗ്രീക്ക് വേദപുസ്തകത്തിൽ യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റി ആ വാകൃങ്ങൾക്കു ചുറ്റും ഇരട്ട ബ്രാക്കറ്റ് കൊടുത്തിരിക്കുന്നു. [12]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു*, ഇന്റർപ്രെട്ടേഷൻ (ലൂയിസ്വിലേ: ജോൺ നോക്സ് പ്രസ്, 1993), 303. നോക്കുക റോമർ 5:19.